**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 459** **03-11-2021 - ൽ മറുപടിയ്ക്ക്**

**റേഷൻ ഭക്ഷ്യസാധനങ്ങളുടെ സംഭരണവും വിതരണവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ. പി.വി. ശ്രീനിജിൻ | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഭക്ഷ്യ ഭദ്രത നിയമം അനുസരിച്ച് റേഷൻ ഭക്ഷ്യസാധനങ്ങളുടെ അംഗീകൃത സംഭരണ വിതരണ ഏജൻസിയായി സർക്കാർ നിശ്ചയിച്ചിട്ടുള്ള സപ്ലൈകോയെ അതിൽനിന്നും ഒഴിവാക്കുവാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ അതിന് കാരണമെന്തെന്ന് വ്യക്തമാക്കുമോ; | (എ) | വാതിൽപടി വിതരണം വകുപ്പ തലത്തിൽ നടത്താൻ കഴിയുമോ എന്ന് പരിശോധിക്കുന്നതിനായി ഒരു സബ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റി ഇത് സംബന്ധിച്ചുള്ള പരിശോധനകൾ നടത്തി വരുന്നു. |
| (ബി) | റേഷൻ മൊത്ത വിതരണം നടത്തുന്ന സപ്ലൈകോ ഗോഡൗണുകൾ ശാസ്ത്രീയമല്ലാത്തത് മൂലവും എഫ്.സി.ഐ.യിൽ നിന്നുവരുന്ന ചാക്കുകളുടെ ശോച്യാവസ്ഥമൂലവും കുറവുണ്ടാകുന്ന ഭക്ഷ്യധാന്യങ്ങൾക്ക് കൈകാര്യകിഴിവ് നൽകാൻ നടപടി സ്വീകരിക്കുമോ; ഇപ്രകാരം ജീവനക്കാർക്ക് വന്നുചേരുന്ന അധിക ബാധ്യത ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ? | (ബി) | എൻ.എഫ്.എസ്.എ ഗോഡൗണുകളിൽ ഭക്ഷ്യ ധാന്യങ്ങളുടെ കയറ്റിറക്ക് നടത്തുമ്പോൾ ഭക്ഷ്യ ധാന്യങ്ങൾ നഷ്ടപ്പെടുന്നുവെന്നും ആയത് ജീവനക്കാരുടെ ബാധ്യതയായി വരുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി 0.3% കൈകാര്യക്കിഴിവ് അനുവദിക്കണമെന്ന സപ്ലൈകോയുടെ ആവശ്യം പരിശോധിച്ചപ്പോൾ എഫ്.സി.ഐ ഗോഡൗണുകൾ സംഭരണ നഷ്ടമില്ലാതെ പ്രവർത്തിക്കുന്നു എന്ന വസ്തുത കണക്കിലെടുത്ത് ഈ വിഷയത്തിൽ തീരുമാന മെടുക്കണമെന്ന് ധനവകുപ്പ് അഭിപ്രായപ്പെടുകയും ചെയ്തു. എഫ്.സി.ഐ യിൽ നിന്നും വകുപ്പിലെ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ തൂക്കം ഉറപ്പ് വരുത്തിയാണ് ഭക്ഷ്യ ധാന്യങ്ങൾ വിട്ടെടുക്കുന്നത്. കൈകാര്യ കിഴിവ് അനുവദിച്ച് നല്കാൻ എഫ്.സി.ഐ യിലോ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമത്തിലോ വ്യവസ്ഥകൾ ഒന്നും തന്നെയില്ല. എഫ്.സി.ഐ യിൽ നിന്നും വിട്ടെടുത്ത് റേഷൻ കടകളിൽ എത്തിക്കുന്നതുവരെ ഭക്ഷ്യധാന്യങ്ങളിൽ വരുന്ന കുറവ് മൂലമുള്ള പ്രതിമാസ നഷ്ടം 1,18,98,424/- എന്നാണ് സപ്ലൈകോ കണക്കാക്കിയിട്ടുള്ളത്. കൈകാര്യ കിഴിവ് അനുവദിക്കുന്ന വിഷയത്തിൽ സ്വീകരിക്കേണ്ട പ്രായോഗിക നടപടികൾ സംബന്ധിച്ച സിവിൽ സപ്ലൈസ് ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമായാലുടൻ |

| | | | |
|---|---|---|---|
| | | | ഈ വിഷയം പരിശോധിച്ച് ഉചിതമായ തീരുമാനം എടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ